16744
25/10/16

# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല ഉദ്യോഗസ്ഥ നിയമനങ്ങൾ-- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്

സ.ഉ.(പി.) നം. 45/2016/ആസൂ.വ തിരുവനന്തപുരം തീയതി 15/10/2016

പരാമർശം :-1) 9/11/2001 ലെ 13736/ ബി പി ഇ 2/2001/ആസൂത്രണം നമ്പർ സർക്കുലർ

2) 26/06/2013 ലെ 9774/ബി പി ഇ 2/2013/ആസൂത്രണം നമ്പർ സർക്കുലർ

## ഉത്തരവ്

പരാമർശത്തിലെ സർക്കുലറുകൾ പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ നിയമനങ്ങൾ നടത്തുന്ന വേളയിൽ വിജിലൻസ് ക്ളിയറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനു തുടർച്ചയായി താഴെപ്പറയുന്ന ഉത്തരവുകൾ കൂടി പുറപ്പെടുവിക്കുന്നു.

1. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങൾക്ക് വിജിലൻസ് ക്ളിയറൻസ് നിർബന്ധമാക്കേണ്ടതും ആയത് കർശനമായി പാലിക്കേണ്ടതുമാണ്.

2. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ ഉന്നതതല നിയമനങ്ങളിലേയ്ക്ക് ദേശീയതലത്തിൽ അംഗീകാരമുള്ള സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി ടി സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

3. മേൽ നിയമനങ്ങളിൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്തി പ്രൊഫഷണലുകളെ നിയമിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതാണ്.

..2

മേൽ ഐറ്റം 2, 3, എന്നിവ സംബന്ധിച്ച് വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം),
വി. എസ് . സെന്തിൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർക്കും/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

സെക്രട്ടേറിയറ്റിലെ, നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

പൊതുഭരണ (എസ് സി) വകുപ്പ്

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ